## മാവോയിസ്റ്റുകളെ നിയന്ത്രിക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ

164 (170) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മാവോയിസ്റ്റുകളുടെ സാന്നിദ്ധ്യം ഏതെല്ലാം മേഖലകളിലാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് ;

(ബി) മാവോയിസ്റ്റുകളെ പിടികൂടുന്നതിന് നിയോഗിച്ച തണ്ടർ ബോൾട്ട് സ്ക്വാഡിനെ നയിക്കുന്നത് ആരാണ് ;

(സി) മാവോയിസ്റ്റുകളെ നിയന്ത്രിക്കുന്നതിൽ പ്രസ്തുത സേന നടത്തിയ ശ്രമങ്ങൾ വിജയിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) 2013 ഫെബ്രുവരി മാസം മുതൽ സംസ്ഥാനത്തിന്റെ വടക്കൻ മേഖലകളിൽ, മുഖ്യമായും വനപ്രദേശങ്ങളിലും, വനത്തിനോടടുത്ത ചില പ്രദേശങ്ങളിലും ആണ് മാവോയിസ്റ്റുകളുടെ സാന്നിദ്ധ്യം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്.

(ബി) മാവോയിസ്റ്റുകളുടെ സാന്നിദ്ധ്യം റിപ്പോർട്ട് ചെയ്യുന്ന മേഖലകളിലെ ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവികളോ, അവർ നിർദ്ദേശിക്കുന്ന ഉദ്യോഗസ്ഥരോ ആണ് തണ്ടർ ബോൾട്ട് ടീമുകളെ നയിക്കുന്നത്.

(സി) മാവോയിസ്റ്റ് പ്രവർത്തനം നേരിടുന്നതിനുള്ള പോലീസ് നടപടികളുടെ ഒരു ഘടകം മാത്രമാണ് തണ്ടർ ബോൾട്ട് കമാന്റോകളുടെ പ്രവർത്തനം. തണ്ടർ ബോൾട്ട് കമാന്റോകൾ ഇപ്പോൾ അതികഠിനമായ വനാന്തരങ്ങളിലും മറ്റും സഞ്ചരിച്ച് വളരെയേറെ അപകടം പിടിച്ചതും ബുദ്ധിമുട്ടുള്ളതുമായ ജോലികളാണ് കാര്യക്ഷമമായി ചെയ്തു കൊണ്ടിരിക്കുന്നത്. ഇതുവരെയുള്ള പ്രസ്തുത സേനയുടെ പ്രവർത്തനം വളരെയധികം തൃപ്തികരമാണ്.

## തെരഞ്ഞെടുപ്പുകാലത്ത് ഉപയോഗിച്ച കള്ളപ്പണം

165 (171) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ തെരഞ്ഞെടുപ്പ് വേളയിൽ സ്ഥാനാർത്ഥികൾക്കുവേണ്ടിയുള്ള പ്രവർത്തനത്തിന് വിനിയോഗിക്കാൻ കള്ളപ്പണം കൊണ്ടുപോകുന്നതിനിടയിൽ പിടികൂടപ്പെട്ട സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) തെരഞ്ഞെടുപ്പിൽ വോട്ടർമാരെ സ്വാധീനിക്കാൻ കപ്പലിൽ 500 കോടി കൊണ്ടുവന്നതായുള്ള റിപ്പോർട്ടിനെക്കുറിച്ച് അന്വേഷണം നടത്തിയിരുന്നുവോ ; വിശദമാക്കാമോ ;

(സി) തെരഞ്ഞെടുപ്പുകാലത്ത് മതിയായ രേഖകളില്ലാതെ പണം കടത്തിയ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; തെരഞ്ഞെടുപ്പ് കാലയളവിൽ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്മാർ കണ്ടെത്തിയ കള്ളപ്പണക്കേസുകൾ എത്രയായിരുന്നു ?

ഉത്തരം

(എ&ബി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇലക്ഷൻ കാലയളവിൽ മതിയായ രേഖകളില്ലാതെ പണം കൊണ്ടുപോയതുമായി ബന്ധപ്പെട്ട് തൃശ്ശൂർ റൂറൽ ജില്ലയിൽ 7 കേസ്സുകളും മലപ്പുറം ജില്ലയിൽ ഒരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്മാർ കണ്ടെത്തിയ കള്ളപ്പണക്കേസുകളെ സംബന്ധിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

## വിദ്യാർത്ഥികളുടെ സ്കൂൾ-കോളേജ് പ്രവേശനവുമായി ബന്ധപ്പെട്ട കോഴക്കേസുകൾ

166 (172) ശ്രീ. എ. കെ. ബാലൻ :
ഡോ. കെ. ടി. ജലീൽ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്കൂൾ-കോളേജ് വിദ്യാർത്ഥി പ്രവേശനത്തിന് ചില മാനേജ്മെന്റുകൾ വൻതുക നിയമവിരുദ്ധമായി കോഴ വാങ്ങുന്നതായ സംഭവങ്ങൾ ആഭ്യന്തരവും വിജിലൻസും വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വിദ്യാർത്ഥി പ്രവേശനത്തിന് കോഴ വാങ്ങുന്നവരെ നിരീക്ഷിക്കാനും അത് തടയുന്നതിനും പ്രത്യേക സംവിധാനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ ; എങ്കിൽ ഈ വർഷം എത്ര കോഴക്കേസുകൾ പിടികൂടാനായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; മെഡിക്കൽ സീറ്റ് തട്ടിപ്പ് നടത്തിയ കവിതാ പിള്ളയ്ക്കെതിരെയുള്ള അന്വേഷണം ഏത് ഘട്ടത്തിലാണ് ?

ഉത്തരം

(എ) സംസ്ഥാനത്ത് സ്കൂൾ-കോളേജ് വിദ്യാർത്ഥി പ്രവേശനത്തിന് ചില മാനേജുമെന്റുകൾ വൻതുക നിയമവിരുദ്ധമായി കോഴ വാങ്ങുന്നത് സംബന്ധിച്ച് നിലവിൽ വിജിലൻസ് അന്വേഷണങ്ങളൊന്നും തന്നെ നടക്കുന്നില്ല.

(ബി) ഇത്തരം സംഭവങ്ങൾ നിരീക്ഷിക്കുന്നതിന് സംസ്ഥാന രഹസ്യാന്വേഷണ വിഭാഗങ്ങളുടെയും ജില്ലാ രഹസ്യാന്വേഷണ വിഭാഗങ്ങളുടേയും സേവനം ഉപയോഗപ്പെടുത്തിവരുന്നു. ഈ വർഷം കോഴ വാങ്ങിയതുമായി ബന്ധപ്പെട്ട്

LIBRARY ARCHIVES Kerala Legislative Assembly